"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കോവിഡ് 19 നിയന്ത്രണങ്ങൾ - ഗ്രാമ സഭയുടെയും കുടുംബശ്രീയുടെയും തെരഞ്ഞെടുപ്പ് കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചു നടത്തുവാൻ അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്**

സ.ഉ.(സാധാ) നം.91/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/01/2022

---

പരാമർശം:-

1. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 2022 ജനുവരി 10 ന് ചേർന്ന കോവിഡ് അവലോകന യോഗതീരുമാനങ്ങൾ
2. ദുരന്ത നിവാരണ വകുപ്പിന്റെ സ.ഉ.(സാധാ) നം.22/2022/DMD തീയതി 10/01/2022 ഉത്തരവ്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കോവിഡ് 19 വ്യാപനം വീണ്ടും രൂക്ഷമാകുന്ന സാഹചര്യത്തിൽ രോഗവ്യാപനത്തെ പ്രതിരോധിക്കുവാനായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പരാമർശം ഒന്നിലെ യോഗം പ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും അതിനനുസരിച്ച് പരാമർശം 2 പ്രകാരം ദുരന്ത നിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ പരാമർശിത ഉത്തരവിൽ പരാമർശം ഒന്ന് പ്രകാരം എടുത്ത തീരുമാനങ്ങളിൽ 8-ാമത്തെ തീരുമാനമായ ഗ്രാമ സഭയുടെയും കുടുംബശ്രീയുടെയും തെരഞ്ഞെടുപ്പ് കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചു നടത്താവുന്നതാണെന്ന തീരുമാനം പരാമർശിക്കപ്പെട്ടിരുന്നില്ല.

ഈ സാഹചര്യത്തിൽ, അടുത്ത വർഷത്തെ പ്ലാനിങ്ങിന്റെ ഭാഗമായി ഗ്രാമസഭയുടേയും കുടുംബശ്രീയുടേയും തെരഞ്ഞെടുപ്പ് നടക്കേണ്ടതുള്ളതുകൊണ്ട്, ആയവ കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചു നടത്തുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ

ആരോഗ്യ വകുപ്പ് ഡയറക്ടർ

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/G&SSA/E&RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Harikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്: -

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്